# Weekly Devotion - April 2019
# Evaluation of God - Step-4

(ദൈവീക മൂല്യനിർണ്ണയം - ഘട്ടം(4)



"Education is for improving the lives of others and for learning your community and world better than you found it"

Marian Wright Edelman

വിദ്യാഭ്യാസം ഒരു വ്യക്തിയുടെ പ്രവർത്തി മറ്റുള്ളവരോടുള്ള സ്നേഹം, സഹിഷ്ണത ഇവയുടെ നിലവാരം ഉയർത്തുന്നതു പോലെ ആത്മീയ ജീവിതത്തിലും വ്യത്യാസം വരുത്തുന്നു. ആത്മീയ വിദ്യാഭ്യാസം (വചനം) ലഭ്യമാക്കുമ്പോൾ നമ്മുടെ ഉള്ളം ദൈവത്തെ സ്നേഹിക്കുന്നതാകുന്നു. തുടർന്ന് മറ്റുള്ളവരുടെ നന്മകാണുവാനും അവരുടെ പ്രതികൂലങ്ങളിൽ നിന്ന് അവരെ രക്ഷിക്കുവാനും നമ്മെ പ്രാപ്തരാക്കുന്നു. കർത്താവായ ക്രിസ്തു നമ്മെ ജീവിതാനുഭവങ്ങളിലൂടെ പുതിയപാഠങ്ങൾ പഠിപ്പിക്കുമ്പോൾ തുടക്കത്തിലെ അവസ്ഥയിൽ തന്നെ നിലക്കാതെ പഠനത്തിൽ മുമ്പിലാകണം പഠിക്കുവാൻ ആഗ്രഹിച്ചെത്തുന്നവരെ യേശു ഇഷ്ടപ്പെട്ടിരുന്നു.

മത്താ: (4,25) (14:13-21) മത്താ:(15:32-38)

മൂല്യനിർണ്ണയം നടത്തുന്ന ഗുരുവിന് ആത്മീയസമ്പന്നത ആഗ്രഹിക്കുന്നവരെ കാണുന്നത് സന്തുഷ്ടി പകരുന്നു. അഗ്നിജ്വാലയ്ക്കൊത്ത കണ്ണും, വെള്ളോടിന് സദൃശമായ കാലുകളുമുള്ള ഈ ഗുരു ദൈവപുത്രൻ തന്നെയാണ്. മൂല്യ നിർണ്ണയത്തിന് വിധേയരാകുന്നവർ. തുയഥൈരസഭയിലുള്ളവരാണ്. വാനമ്പാടികൾ പാടുന്നത് രാത്രിയിലാണ്. പൗലോസും, ശീലാസും അർദ്ധരാത്രിയിൽ തങ്ങളുടെ വേദനയിൽ പാടി ദൈവത്തെ സ്തുതിച്ചു. കൂട്ടിൽ വെളിച്ചമുള്ളപ്പോൾ ചില കിളികൾ പാടുകയില്ല. എല്ലാവിധ ജീവിതസൗകര്യങ്ങളുമുള്ളവർ പഠനത്തോട് വിരക്തികാട്ടുന്നു. പൂർവ്വീകർ ഉണ്ടാക്കി നൽകിയ ധനമാണ് ഇതിനു കാരണം. ഇതെല്ലാം ഓരോ വിരോധാഭാസങ്ങളാണ്. ഇതുപോലെ ആത്മീകലോകവും, ആത്മീയ ചിന്തകളും, പഠനവും, പാട്ടും ഉപേക്ഷിക്കുന്നത് പ്രശ്നം ഉണ്ടാക്കുമ്പോൾ ഉപേക്ഷിച്ചവ തിരക്കിപ്പായുകയും ചെയ്യും

അന്വേഷിച്ചാൽ കണ്ടെത്തും അന്വേഷിക്കാത്തവർ മ്ലേച്ഛതയിൽ വീണ് തോൽവി സംഭവിക്കുന്നു.

തുയഥൈര സഭയിലുള്ളവരുടെ മൂല്യനിർണ്ണയത്തിന്റെ മാനദണ്ഡങ്ങൾ അവരുടെ പ്രവൃത്തി, സ്നേഹം, വിശ്വാസം, ശുശ്രൂഷ, സഹിഷ്ണത ഇവ ആയിരുന്നു. ഇതിൽ ജയാളികളായവരെ ഗുരു കണ്ടെത്തി സന്തോഷം രേഖപ്പെടുത്തി. എന്നാൽ ഇവിടെയും ഇസബേൽ എന്ന നാമത്തിൽ അറിയപ്പെടുന്ന ഒരു സ്ത്രീ ജാതീയാചാരങ്ങളും ഉപദേശങ്ങളും പഠിപ്പിച്ചു തുടങ്ങി. ഇതിന് മൗനാനുവാദം നൽകിയത് സഭയുടെ കുറ്റമാണ്. സഭാവിഭാഗങ്ങൾ ഇന്നും പല ദുരാലോചനങ്ങൾക്കും അടിമകളാകുകയും ദൈവഹിതമില്ലാത്ത പലമ്ലേച്ഛതകളെയും നിയമ സഹായത്തോടെ നടപ്പിലാക്കി ജയാളി എന്ന പദവി നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. ഇതരമതാചാരങ്ങളെയും ക്രിസ്തീയ ആശയങ്ങളെയും തമ്മിൽ കൂട്ടിക്കലർത്തി വിശ്വാസികളെ വഞ്ചിക്കുന്ന വിധത്തെയാണ് സാത്താന്റെ ആഴങ്ങൾ എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത്.

Read മത്താ:(7:15). 2 പത്രോ:(2: 1,2)

ചിലർ വചനം ഭംഗിയായി പറയുന്നതോടൊപ്പം വചനത്തിൽ പൊതിഞ്ഞ് ചില ദുർന്നടപ്പുകൾ പാപമില്ലാതാക്കി പറയുന്നു. ഇങ്ങനെയുള്ളവർ ഇന്നും സഭകളിലുണ്ട്. എന്നാൽ കർത്താവ് സകല നിനവുകളെയും ഉൾപൂവുകളെയും ശോധനചെയ്യുന്നവനാണ്. അതിനാൽ ഇങ്ങനെയുള്ളവർ തോൽവിക്കിരയായി ശീഘ്രനാശത്തിൽ നിപതിക്കുന്നു.

ചിലർ അശ്രദ്ധമൂലം തോൽവി സംഭവിക്കുന്നവരാകുന്നു. പരീക്ഷ വീണ്ടും എഴുതിയാൽ പഠിച്ചവർക്ക് ജയിക്കാം എന്നതുപോലെ മടങ്ങിവന്നാൽ ജയാളികളാകാം. ചിലർ അവസരം കിട്ടിയാലും അത് പാഴാക്കുന്നു. എന്നാൽ യേശുവിന്റെ മുൻപിൽ പലതും മറച്ചുവയ്ക്കുവാൻ ശ്രമിച്ച ശമര്യ സ്ത്രീ ഗുരുവിന്റെ മുൻപിൽ സകലതെറ്റുകളും സമ്മതിച്ചു. കാരണം ആ കണ്ണുകൾ തീഷ്ണതയുള്ളയും ആ വാക്കുകൾ ഇരുവായ്ത്തലവാളുപോലെ മൂർച്ചയേറിയതും ആയിരുന്നു. അവളിൽ മാറ്റം വന്നപ്പോൾ ജയാളിയായി മാറി തുടർന്ന് ഒരു ഗ്രാമത്തെ മുഴുവൻ യേശുവിന്റെ അടുക്കലെത്തിച്ചു.

ജയിക്കുന്നവർക്ക് നൽകുന്ന ഒന്നാമത്തെ പ്രതിഫലം ജാതികളുടെ മേലുള്ള അധികാരമാണ്. ജാതികൾ എന്നതിന് Nations എന്നാണ് English Bible ൽ വിജയികളായ വിശുദ്ധന്മാർക്ക് രാഷ്ട്രങ്ങളുടെ മേൽ അധികാരം ലഭിക്കുന്നു.

(2) ഉദയനക്ഷത്രം കൊടുക്കുന്നു.

2 പത്രോ (1:19) ൽ ദൈവവചനത്തെ ഉദയനക്ഷത്രമായി പ്രഖ്യാപിക്കുന്നു. വെളി (22:16) അനുസരിച്ച് കർത്താവുതന്നെയാണ് ഉദയനക്ഷത്രം. തന്റെ സ്വന്തമായവരെ ചേർക്കുവാൻ അവൻ വീണ്ടും വരും എന്ന് സഭയ്ക്കുകിട്ടിയ ഉറപ്പ് പ്രഖ്യാപിക്കുവാൻ ഏഴരവെളിപ്പിനേ ഉൺർന്നേ മതിയാകുകയുള്ളൂ. സഭ ഉറക്കമാണോ? ഉണർന്നെഴുന്നേല്ക്കുക കാന്തൻ വരുവാൻ സമയമായി. ജയാളിയുടെ പ്രതിഫലം ലഭ്യമാക്കുന്നവരാകുവാൻ ദൈവം നമ്മെ ശക്തീകരിക്കട്ടെ.

Santhamma Varghese

*Website: www.biblestudy.co.in*
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind